## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2327

05.02.2018 ൽ മറുപടിക്ക്

### വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ, അന്തർദേശീയ നിക്ഷേപം സ്വരൂപിക്കുന്നതിന് സ്വീകരിച്ച നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കെ.സി .ജോസഫ് | | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) | വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ് ; ഇതിലൂടെ ഇതിനകം എത്ര പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിച്ചു ; | (എ) & (ബി) | സംസ്ഥാനത്തെ നിക്ഷേപക സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനായി വിവിധങ്ങളായ കർമ്മ പദ്ധതികളാണ് കെ എസ് ഐ ഡി സി യുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്. അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും ക്ലിയറൻസുകൾ നല്കുന്നത് സുഗമമാക്കിയും ആകർഷകമായ പാക്കേജുകളിലൂടെ നിക്ഷേപകർക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കിയും, വിവിധ വ്യവസായ വിഭാഗങ്ങളുമായി നിരന്തര സമ്പർക്കം പുലർത്തിയും സംസ്ഥാനത്ത് ചലനാത്മകമായ വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനാണ് പ്രാധാനമായും ഊന്നൽ നൽകുന്നത്. ഈ ലക്ഷ്യങ്ങൾ മുന്നിൽ കണ്ട് ക്രിയാത്മകമായ ഒരു വ്യവസായ വാണിജ്യനയം വ്യവസായ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.<br><br>വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് കെ എസ് ഐ ഡി സി യുടെ കീഴിൽ |
| (ബി) | വ്യവസായ മേഖലയിൽ കൂടുതൽ ദേശീയ, അന്തർദേശീയ നിക്ഷേപം സ്വരൂപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്. അതിലൂടെ എന്ത് നിക്ഷേപം ലഭ്യമായി; | | |

| | | | |
|---|---|---|---|
| | | | താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.<br><br>1. ആകർഷകമായ പലിശ നിരക്കിൽ വ്യവസായങ്ങൾക്കാവശ്യമായ വിവിധയിനം വായ്പകളും മറ്റ് സാമ്പത്തിക സഹായങ്ങളും.<br>2. വ്യവസായങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ വ്യവസായ പാർക്കുകൾ (കണ്ണൂരും, കോഴിക്കോടും, ചേർത്തലയിലും വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ, തിരുവനന്തപുരത്തെ ലൈഫ് സയൻസ് പാർക്ക്, എറണാകുളത്തെ ഇലക്ട്രോണിക് ഹാർഡ് വെയർ പാർക്ക്, പാലക്കാട്ടെ ലൈറ്റ് എൻജിനീയറിംഗ് ഇൻഡസ്ട്രിയൽ പാർക്ക്).<br>3. സംസ്ഥാനത്ത് നിക്ഷേപം ആകർഷിക്കുന്നതിന് ആവശ്യമായ ബിസിനസ്സ് മീറ്റുകൾ, റോഡ് ഷോകൾ, ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ് മുതലായവ.<br>4. വ്യവസായങ്ങൾക്ക് ആവശ്യമായ ഏകജാലക ക്ലിയറൻസ് സംവിധാനം.<br><br>നാളിതുവരെ മേൽപ്പറഞ്ഞ പദ്ധതികളിലൂടെ കെ എസ് ഐ ഡി സി യ്ക്ക് ഏകദേശം 2 ലക്ഷത്തോളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ വ്യവസായ വളർച്ചയ്ക്ക് കിൻഫ്ര അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 24 വ്യവസായ പാർക്കുകൾ ഒരുക്കിയിട്ടുണ്ട്. പ്രസ്തുത പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാവിധ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനസൗകര്യങ്ങളും അനുബന്ധ അനുമതികൾ ലഭ്യമാക്കുന്നതിന് പാർക്ക് തോറും ഏകജാലക സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. നാളിതുവരെ കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിലായി 727 വ്യവസായ സംരംഭകർക്ക് വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത സംരംഭകർ നല്കിയ പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഏകദേശം 1400 കോടി രൂപയുടെ സ്വകാര്യ നിക്ഷേപവും 19964 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.<br>സംസ്ഥാനത്തിന്റെ വ്യവസായ മേഖലയിൽ കൂടുതൽ അന്തർദേശീയ നിക്ഷേപം സ്വരൂപിക്കുന്നതിനായി കിൻഫ്ര ആവിഷ്കരിച്ചിട്ടുള്ള പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1. ഡിഫൻസ് പാർക്ക്, ഒറ്റപ്പാലം, പാലക്കാട്.<br>2. ഐ ടി/ഐ ടി അധിഷ്ഠിത പ്രത്യേക സാമ്പത്തിക മേഖല, കിൻഫ്ര ഫിലിം ആന്റ് വീഡിയോ പാർക്ക്, തിരുവനന്തപുരം - രണ്ടാംഘട്ട വികസനം<br>3. ഇലക്ട്രോണിക്സ് മാനുഫാക്ചറിംഗ് ക്ലസ്റ്റർ, കാക്കനാട്, എറണാകുളം<br>4. പെട്രോക്കെമിക്കൽ പാർക്ക്, എറണാകുളം.<br>5. ഗ്ലോബൽ ആയുർവ്വേദ വില്ലേജ്, തിരുവനന്തപുരം.<br>6. സ്പൈസസ് പാർക്ക്, തൊടുപുഴ, ഇടുക്കി.<br>7. അഡ്വാൻസ്ഡ് ടെക് നോളജി |

| | | | |
|---|---|---|---|
| | | | പാർക്ക്, രാമനാട്ടുകര,കോഴിക്കോട്.<br>8. അഡ്വാൻസ്ഡ് ടെക് നോളജി പാർക്ക്, പുഴക്കൽ, തൃശ്ശൂർ.<br>9. കിൻഫ്ര കൊരട്ടി പാർക്കിന്റെ രണ്ടാം ഘട്ട വികസനം.<br>10. ഫാർമാ പാർക്ക്, എറണാകുളം<br>11. കിൻഫ്ര പാർക്ക്, കാക്കഞ്ചേരി- രണ്ടാംഘട്ട വികസനം<br>12. ജെം & ജ്വവല്ലറി പാർക്ക്, പുഴക്കൽ<br>13. ഇന്റർനാഷണൽ എക്സിബിഷൻ ആന്റ് കൺവെൻഷൻ സെന്റർ, എറണാകുളം.<br>14. വിവിധോദ്ദേശ സോണുകൾ - കണ്ണൂർ, തൊട്ടുപുഴ, വിഴിഞ്ഞം, കാസർഗോഡ്. പ്രസ്തുത പദ്ധതികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നതിനാൽ നിക്ഷേപം, തൊഴിൽ അവസരങ്ങൾ സംബന്ധിച്ച് കിൻഫ്രയിൽ നിന്നും വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല. |
| **(സി)** | ലോക കേരളസഭയുടെ രൂപീകരണം ഇപ്രകാരമുള്ള നിക്ഷേപത്തിന് എത്രമാത്രം സഹായകമാകുമെന്ന് വ്യക്തമാക്കുമോ ? | **(സി)** | 'ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സ്' പ്രകാരം സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ ലോക കേരളസഭയിൽ അവതരിപ്പിച്ചിരുന്നു. ഇതു മുഖേന സംസ്ഥാനത്ത് വ്യാവസായിക സംരംഭങ്ങൾക്ക് മുതൽമുടക്കാൻ താല്പര്യമുള്ള നിക്ഷേപകരെ ആകർഷിക്കാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. |

Bindu T

**സെക്ഷൻ ഓഫീസർ**